ആത്മദേശവിരഹാതുരാൻ ജനാൻ
ആശ്രിതാൻ സ്വയമവേക്ഷിതും മുദാ
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 1

ജന്മനാട്ടിൽനിന്ന് വിട്ടുപോന്നതിൽ വിഷമമുള്ള ആശ്രിതന്മാരെ കാണാൻ സന്തോഷത്തോടെ സ്വയം ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ സി സിഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

രൂക്ഷശൈത്യപരിദു:ഖിതാൻ സ്വകാ
നുഷ്മളേന നയനേന വീക്ഷിതും
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 2

രൂക്ഷമായതണുപ്പുകൊണ്ട് വിഷമിക്കുന്ന തന്റെ ആൾക്കാരെ ഊഷ്മളമായ കണ്ണുകൊണ്ട് നോക്കുവാൻ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

അഗ്നിസാഗരഭവേ പ്ലുതം ജനം
പദ്മശീതളകരേണ രക്ഷിതും
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 3

തീക്കടലായ സംസാരത്തിൽ മുങ്ങിപ്പോയ ജനങ്ങളെ താമരപോലെ തണുപ്പുള്ള കയ്യുകൊണ്ട് കയറ്റുവാൻ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

ജീവിതാഖ്യസമരോദ്ഭവാം ശുചം
ജ്ഞാനദാനകലയാ പ്രമാർജ്ജിതും
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 4

ജീവിതസമരത്തിൽ വിഷാദത്തിന് അടിമപ്പെട്ടവർക്ക് ജ്ഞാനം പകരാൻ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

പാഞ്ചജന്യകൃതനാദസീധുനാ
കാമരോഷമുഖമാർജ്ജനായ ഹി
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 5

പാഞ്ചജന്യനാദം കൊണ്ട് കാമക്രോധാദികളെ ഇല്ലാതാക്കാനായി ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

ചക്രരാജമവമുച്യദുർദ്ദശാ
ഛേദനായ നിജസേവിനാം സദാ
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 6

സുദർശനത്തെ അയച്ച് തന്നെ സേവിക്കുന്നവരുടെ ദുർദ്ദശകളെ ഇല്ലാതാക്കാൻ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

ധർമ്മകൃത്തമുരുദോഷവർദ്ധിതം
ശാസിതും കലിമരുന്തുദം ഖലം
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 7

വളരെ ദോഷമുള്ളതും ഉഗ്രധർമ്മമുള്ളതും ദു:ഖം തരുന്നതും ഖലത്വം ഉള്ളതും ആയ കലികാലത്തെ ശാസിക്കാൻ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

ഭക്തിവർദ്ധനമശേഷമോഹനം
ഭക്തരക്ഷണകലാം പ്രദർശിതും
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 8

ഭക്തിവർദ്ധിപ്പിക്കുന്നതും എല്ലാവരേയും മോഹിപ്പിക്കുന്നതും ഭക്തന്മാരെ രക്ഷിക്കുന്നന്നതും ആയ കല പ്രദർശിപ്പിക്കാൻ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

വിഘ്നശാസ്തൃഗിരിജാര്യസംയുതേ
സ്വാലയേ തുലിതമാരുതാലയേ
ബ്രഹ്മപത്തനപുരാഗതം പരം
സംശ്രയേ ഗുരുപുരേശ്വരം ഹരിം 9

ഗണപതി, ശാസ്താവ്, ഭഗവതി എന്നിവയുള്ള ഗുരുവായൂരിന് സമമായ ബ്രഹ്മപത്തനത്തിലെ (ബ്രാംപടനിലെ) ക്ഷേത്രത്തിൽ എത്തിയ ഹരിയായ ഗുരുവായൂരപ്പനെ ഞാൻ ആശ്രയിക്കുന്നു.

ഭക്തിപുഷ്കലഹൃദാ സ്തുവീത യ:
ബ്രഹ്മപത്തനപുരാധിനായകം
സർവ്വസൗഖ്യസഹിതോ ഭവേത് പുന:
മോക്ഷമേതി ഭവപാശബന്ധനാൽ 10

ഭക്തിനിറഞ്ഞമനസ്സോടെ ബ്രഹ്മപത്തനപുരനായകനെ ആര് സ്തുതിക്കുന്നുവോ ആയാൾ എല്ലാ സുഖങ്ങളും അനുഭവിച്ച് സംസാരത്തിൽ നിന്ന് മോചനം നേടും